പെർമിറ്റുമായി ബന്ധപ്പെട്ട് Possession Certificate-നുള്ള അപേക്ഷയിൽ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്ന ഭൂമി കേരള ലാൻഡ് അസ്സൈന്മെന്റ് ആക്ട് 1960, പ്രകാരം ഒരു പ്രത്യേക ആവശ്യത്തിനായി പതിച്ചു നൽകിയതാണോ അല്ലയോ എന്ന വിഷയംകൂടി ബന്ധപ്പെട്ട വില്ലേജ് ഓഫീസർ പരിശോധിക്കേണ്ടതാണെന്നും ഭൂമി പതിവ് ചട്ടപ്രകാരം ഒരു പ്രത്യേക ആവശ്യത്തിന് പതിച്ചു നൽകിയ ഭൂമിയാണെങ്കിൽ ആ വിവരംകൂടി രേഖപ്പെടുത്തി മാത്രമേ ബന്ധപ്പെട്ട റവന്യൂ അധികാരികൾ Possession Certificate അനുവദിക്കാൻ പാടുള്ളുവെന്ന് 2-12-2020-ലെ സ.ഉ.(എം.എസ്) 290/2020/റവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. റവന്യൂ അധികാരികൾ അനുവദിക്കുന്ന Possession Certificate-ൽ രേഖപ്പെടുത്തിയ പ്രകാരം ഏതാവശ്യത്തിനാണ് ഭൂമി പതിച്ചു നൽകിയിട്ടുള്ളത് എന്ന വിവരം പരിശോധിച്ചശേഷം അതനുസരിച്ചു മാത്രമേ തദ്ദേശഭരണസ്ഥാപനങ്ങളിലെ അധികാരികൾ പെർമിറ്റ് അനുവദിക്കാൻ പാടുള്ളുവെന്ന് നിർദ്ദേശം നൽകി 22-2-2021-ലെ സ.ഉ.(എം.എസ്) 61/2021/തസ്വഭവ. പ്രകാരം ഉത്തരവ് പുറപെടുവിച്ചിട്ടുണ്ട്.

(ബി) ഈ വിധിമൂലം പതിച്ചുകിട്ടിയ ഭൂമിയിൽ വീടടക്കം നിർമ്മിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിൽനിന്ന് നിർമ്മാണാനുമതി ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സർട്ടിഫിക്കറ്റ് പ്രകാരം ഏത് ആവശ്യത്തിനാണ് ഭൂമി പതിച്ച് നൽകിയിട്ടുള്ളതെന്ന വിവരം പരിശോധിച്ചതിനുശേഷം മാത്രമേ കെട്ടിട നിർമ്മണാനുമതി നൽകാവൂ എന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവുമൂലം പലർക്കും പതിച്ച് കിട്ടിയ ഭൂമിയിൽ വീട് നിർമ്മിക്കാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി &സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മുൻകാലങ്ങളിൽ മലയോര മേഖലകളിൽ രണ്ട് ഏക്കറിന് മുകളിൽ റവന്യൂ ഭൂമി പതിച്ചുനൽകിയിരുന്നുവെങ്കിലും പുതിയ കോടതി വിധിമൂലം പഞ്ചായത്തുകൾക്ക് ഇവിടങ്ങളിൽ വീട് വയ്ക്കാനുള്ള അനുമതി നൽകാൻ സാധിക്കാത്ത വിഷയം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

അജൈവ മാലിന്യം നീക്കംചെയ്യാൻ നടപടി

331 (331) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കോർപ്പറേഷനുകൾ അജൈവ മാലിന്യം നീക്കംചെയ്യുന്നതിന് സ്വകാര്യ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്. സരോജിനി പൊന്നയ്യ ഫൗണ്ടേഷൻ, BM ടേഡേഴ്സ് എന്നീ രണ്ട് സ്വകാര്യ ഏജൻസികളുമായി തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. M/s ഭാരത് ടേഡേഴ്സ് എന്ന സ്ഥാപനത്തെ ബ്രഹ്മപുരം പ്ലാന്റിലെത്തുന്ന പ്ലാസ്റ്റിക് മാലിന്യം നീക്കംചെയ്യുന്നതിന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ചുമതലപ്പെടുത്തിയിരിക്കുന്നു. നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ്, കോനാരി അഡ്വാൻസ്ഡ് പോളിമേഴ്സ് എന്നീ സ്വകാര്യ ഏജൻസികളുമായി കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. നിർമ്മൽ ഭാരത് ചാരിറ്റബിൾ ട്രസ്റ്റ് എന്ന സ്ഥാപനവുമായി കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കൊല്ലം, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനുകൾ സ്വകാര്യ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

നഗരസഭകളിലെ സ്റ്റാഫ് പാറ്റേൺ

332 (332) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിൽ സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുന്നതിന് മാനദണ്ഡങ്ങളുണ്ടോ; വിശദമാക്കുമോ;

(ബി) മാനദണ്ഡങ്ങളുണ്ടെങ്കിൽ അത് കൃത്യമായി നടപ്പാക്കാറുണ്ടോ?

(എ&ബി) നഗരസഭകളുടെ വരുമാനത്തിന്റെയും ജനസംഖ്യയുടെയും അടിസ്ഥാനത്തിലാണ് നഗരസഭകളുടെ ഗ്രേഡ് നിശ്ചയിക്കുന്നത്. അതിൻപ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുന്ന പ്രൊപ്പോസലുകൾ വിശദമായ പരിശോധന നടത്തിയാണ് ആവശ്യമായ പുതിയ തസ്തികകൾ നഗരസഭകളിൽ അനുവദിക്കുന്നത്.

(സി) കൂടുതൽ വരുമാനവും ജനസംഖ്യയുമുള്ള മുനിസിപ്പാലിറ്റികളേക്കാൾ കുറഞ്ഞ വരുമാനവും ജനസംഖ്യയുമുള്ള നഗരസഭകളിൽ അധിക സ്റ്റാഫുകളെ നിശ്ചയിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ഡി) ഉണ്ടെങ്കിൽ സ്റ്റാഫിനെ ആവശ്യമായ നഗരസഭകളിൽ തസ്തിക പുനർനിർണ്ണയം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ബാധകമല്ല.

തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ്

333 (333) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ-സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് എന്ന് മുതലാണ് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?